മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദൈവകൃപയാൽ

സുൽത്താൻ ബത്തേരി ഭദ്രാസന ഇടവകയുടെ മെത്രാപ്പോലീത്താ

ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസിൽ നിന്നും

No. 178/2026

നമ്മുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളി വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈസ്ഥാനികളും വിശേഷാൽ അദ്ധ്യാൽമീക പ്രസ്ഥാനങ്ങളുടെ ഭാരവാഹികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

ദൈവകൃപയാൽ നമ്മുടെ ഭദ്രാസന രൂപീകരണത്തിന്റെ റൂബി ജൂബിലി 'O'live-40 യോട് അനുബന്ധമായ വിവിധ കർമ്മപരിപാടികൾ പൂർത്തീകരിച്ചു വരുന്നതിൽ നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. ജൂബിലി ആഘോഷം നമ്മുടെ ഭദ്രാസനത്തിന്റെ സർവ്വതോമുഖമായ പുരോഗതിക്ക് നിദാനമാകുവാൻ നമുക്ക് പ്രാർത്ഥിക്കാം. ജൂബിലി സമാപനം 2026 ഒക്ടോബർ 19-ന് നടക്കുകയാണല്ലോ. ഇതിന്റെ വിവിധ കാര്യങ്ങൾ സംയുക്തമായി ആലോചിച്ച് തീരുമാനിച്ച് നടപ്പിലാക്കുവാൻ നമ്മുടെ ഭദ്രാസനത്തിലെ എല്ലാ ആത്മീയ പ്രസ്ഥാനങ്ങളുടെയും ഭദ്രാസന, ഡിസ്ട്രിക്ട് തല ഭാരവാഹികളുടെ ഒരു സംയുക്ത മീറ്റിംഗ് 2026 ഒക്ടോബർ മൂന്നാം തീയതി ശനിയാഴ്ച രാവിലെ 10.30-ന് നിർമ്മലഗിരി അരമനയിൽ നമ്മുടെ അധ്യക്ഷതയിൽ കൂടുന്നതാണ്. ഭദ്രാസന-ഡിസ്ട്രിക്സ് തല ഭാരവാഹികളായ എല്ലാ വൈദികരും മറ്റ് ഭാരവാഹികളും നിർബന്ധമായും ഈ മീറ്റിങ്ങിൽ സംബന്ധിക്കേണ്ടതാണ്.

ശേഷം പിന്നാലെ ദൈവം അനുഗ്രഹിക്കട്ടെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരുടെയും മേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

2026 സെപ്റ്റംബർ മാസം 17- ന്
നിർമ്മലഗിരി അരമനയിൽനിന്നും

Barnabas

ഡോ.ഗീവർഗീസ് മാർ ബർന്നബാസ് മെത്രാപ്പോലീത്ത